## Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot. No. MPL 132/21/64

**സർക്കുലർ**

**ബൈബിൾ വാരം 2021 – 28 നവംബർ മുതൽ 5 ഡിസംബർ വരെ**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ,

'മിശിഹാ കേന്ദ്രീകൃതമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് സുവിശേഷപ്രഘോഷണം നടത്തുന്നവരുടെ സമൂഹം' എന്ന ആദർശവാക്യമാണ് നമ്മുടെ രൂപത സ്വീകരിച്ചിരിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെ സമ്പൂർണ്ണ ആത്മസമർപ്പണത്തെ നാം മാതൃകയായി സ്വീകരിക്കുകയും ചെയ്യുന്നു. മറിയം പറഞ്ഞു "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്ക 1:38). പരിശുദ്ധ കന്യകാമറിയം വിശ്വാസത്തിന്റെ അനുസരണത്തിന് ഉത്തമ മാതൃകയായി.

മൂന്ന ഘടകങ്ങളാണ് നമ്മുടെ രൂപതയുടെ പ്രവർത്തനങ്ങൾക്ക് മിഴിവേകുന്നത്:

1. അത് മിശിഹാ കേന്ദ്രീകൃതമായ (christ-centred) പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നു. ഒരു സാമൂഹ്യപ്രസ്ഥാനം എന്നതിനേക്കാൾ മിശിഹായ്ക്ക് സവിശേഷ രീതിയിൽ കേന്ദ്രസ്ഥാനം നൽകുന്ന ജീവസ്സുറ്റ സമൂഹമായി അത് വളർന്നു കൊണ്ടിരിക്കുന്നു.

2. പരിശുദ്ധാത്മാവിനാൽ പൂരിതമായ സമൂഹമാണ് സഭ (spirit-filled community). ആദിമസഭയുടെ ആരംഭം പരിശുദ്ധാത്മാവിന്റെ ആവാസം മുതലാണെന്ന് നമുക്കറിയാം. അതേ പരിശുദ്ധാത്മാവിന്റെ പ്രേരണയാണ് ആദിമസഭയെ മുന്നോട്ടു നയിച്ചതും.

3. സുവിശേഷ പ്രഘോഷകരുടെ സമൂഹമാണ് സഭ (evangalizing community). ഈശോ കേന്ദ്രസ്ഥാനത്തെങ്കിൽ സഭാ സമൂഹത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തി ഏവർക്കും അനുഭവമാകും. ഫലമോ, അനുഭവം പങ്കുവയ്ക്കുന്നവരുടെ സമൂഹമായി ഇടവക സമൂഹം വളരുന്നു. ഇത് ഉള്ളിൽ നിന്നുള്ള സ്വതസിദ്ധമായ ബാഹ്യ പ്രകടനമാണ്. ആത്മചൈതന്യം നിറഞ്ഞു പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ അനുഭവിച്ച ജീവിക്കാൻ ഇടങ്ങുന്നവർ ആ അനുഭവം സഹജീവികളുമായി പങ്കുവയ്ക്കുന്നവരായി മാറുന്നു, സുവിശേഷ പ്രഘോഷകരായിമാറുന്നു.

മേൽവിവരിച്ച മൂന്ന ഘടകങ്ങളും ഒന്നിപ്പിച്ച് ഒരു വിശ്വാസി സമൂഹമായി ജീവിക്കുവാനും വളരുവാനും നമുക്ക് സാധിക്കട്ടെ.

ഈ പശ്ചാത്തലത്തിലാണ് ബൈബിൾ വാരം ആഘോഷിക്കുവാൻ നാം ഒരുങ്ങുന്നത്. ദൈവവചന ബന്ധിതമായ ഒരു സമൂഹമായി ജീവിക്കുവാനും വളരുവാനും പരിശുദ്ധാത്മാവിന്റെ ആവാസം നമുക്ക് ശക്തി പകർന്നു തരട്ടെ.

മിശിഹായിൽ സ്നേഹത്തോടെ,
നിങ്ങളുടെ പിതാവ്
+ ബോസ്കോ പുത്തൂർ

2021 നവംബർ 20

**ബൈബിൾവാര പ്രവർത്തനങ്ങൾക്ക് ഏതാനും നിർദ്ദേശങ്ങൾ**

1. ബൈബിൾപ്രതിഷ്ഠ (ഇടവക സമൂഹത്തിനുവേണ്ടി വിശുദ്ധ കുർബാനയർപ്പിക്കുന്ന പള്ളിയിൽ, ഭവനങ്ങളിൽ)

വചനഗ്രന്ഥം, കത്തിച്ച തിരികൾ, പൂക്കൾ, മറ്റു അലങ്കാരങ്ങൾ. എല്ലാവരും ബൈബിൾ തൊട്ടുവണങ്ങുന്നു.

വായന: യോഹ: 1 : 1 -5, 14-18

2. ബൈബിൾറാലി (പള്ളിചുറ്റി/പള്ളിമുറ്റത്ത്)

വചനഗ്രന്ഥം, കത്തിച്ച തിരികൾ

അനുയോജ്യമായ ഗാനങ്ങൾ: ജീവനേകുംദൈവവചനം, സുവിശേഷവെളിച്ചത്താൽ.

3. പ്രസംഗം (പള്ളികളിൽ, കുടുംബകൂട്ടായ്മകളിൽ)

പ്രസംഗവിഷയം - കുട്ടികൾക്ക്: ബൈബിളിലെ മഹാവ്യക്തിത്വങ്ങൾ (എബ്രഹാം, മോശ, യാക്കോബ്, ജോസഫ്, സ്നാപകയോഹന്നാൻ, പരിശുദ്ധ കന്യകാമറിയം, പത്രോസ് ശ്ലീഹ, പൗലോസ് ശ്ലീഹ)

4. ബൈബിൾകഥപങ്കുവയ്ക്കൽ (പള്ളികളിൽ, കുടുംബകൂട്ടായ്മകളിൽ)

5. വചനംപങ്കുവയ്ക്കൽ (പള്ളികളിൽ, കുടുംബകൂട്ടായ്മകളിൽ)

യുവജനങ്ങൾക്ക്

എന്നെ സ്വാധീനിച്ച ബൈബിൾവചനംപങ്കുവയ്ക്കുന്നു

6. ബൈബിൾക്വിസ് (കുട്ടികൾക്കും, മുതിർന്നവർക്കും)

7. ബൈബിൾവായന

ദിവസേന ഒരു അദ്ധ്യായം (ഉദാ: സങ്കീർത്തനങ്ങൾ)

8. Bible idioms and phrases, images and parables in English Literature - For youth and adults

NB: ഈ സർക്കുലർ 2021 നവംബർ 21ന് (ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.